പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3868 — 20.07.2015 ൽ മറുപടിക്ക്

## റവന്യൂ ബേസിക് ടാക്സ് രജിസ്റ്ററിൽ ഭൂമിയുടെ ഇനം മാറ്റൽ

ചോദ്യം — ഉത്തരം

ശ്രീ.കെ.എൻ.എ.ഖാദർ

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന റവന്യൂ അദാലത്തുകൾ വഴി പോലും പരിഹരിക്കപ്പെടാനാവാത്ത റവന്യൂ സംബന്ധമായ നിരവധി പരാതികൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പരാതികൾ ഏത് രീതിയിൽ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികളിൻമേൽ അന്തർലീനമായിരിക്കുന്ന വസ്തുതകൾ പരിശോധിച്ച ശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പതിറ്റാണ്ടുകളായി പുരയിടമായിക്കിടക്കുന്നതും എന്നാൽ റവന്യൂ ബേസിക് ടാക്സ് രജിസ്റ്ററിൽ (ബി.റ്റി.ആർ) നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ധാരാളം വസ്തുവകകൾ സംസ്ഥാനത്തുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത് മൂലം പ്രസ്തുത വസ്തുവകകളിൽ നിർമ്മാണ പ്രവർത്തനത്തിനും മറ്റും | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | അനുമതി ലഭിയ്ക്കാത്ത സാഹചര്യം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (ഡി) | എങ്കിൽ പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുന്നതിനായി, ഇത്തരം ഭൂമിയുടെ ഇനം സംബന്ധിച്ച് ആവശ്യമായ പരിശോധന സമയബന്ധിതമായി നടത്തി ബി.ടി.ആർ-ൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ ? | (ഡി) | ബി.റ്റി.ആറിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ ഇനം / തരം മാറ്റുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥയില്ലാത്തതാണ്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.<br><br>സെക്ഷൻ ഓഫീസർ |